# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1382 — 21.03.2012 ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ സഹകരണ ബാങ്കുകളിൽ നിന്ന് ലഭിച്ച വായ്പ എഴുതിത്തള്ളുന്നതിനുള്ള അപേക്ഷകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട് ജില്ലയിലെ സഹകരണ ബാങ്കുകളിൽ നിന്നെടുത്ത വായ്പ എഴുതി തള്ളണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത 134 പേരും ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത 250 പേരും തങ്ങളുടെ വായ്പകൾ എഴുതി തള്ളണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷിച്ചിട്ടുണ്ട്. |
| ബി) ഈ അപേക്ഷകളുടെ വിശദാംശങ്ങളും അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; | ബി) സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ലഭിച്ച അപേക്ഷകളും ജോയിന്റ് രജിസ്ട്രാർക്ക് നേരിട്ട് ലഭിച്ച അപേക്ഷകളും തുടർ നടപടികൾക്കായി ജില്ലാ ബാങ്ക് സ്പെഷ്യൽ സെയിൽ ആഫീസർക്കും താലൂക്ക് തല അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർമാർക്കും പരിഗണനയ്ക്കായി അയച്ചുകൊടുക്കുകയും പ്രസ്തുത നിവേദനങ്ങൾ പരിശോധിച്ച് അർഹത ഉറപ്പുവരുത്തി നിയമാനുസൃതം അനുവദിക്കാൻ കഴിയുന്ന ഇളവുകൾ ആശ്വാസ് പദ്ധതി, റിസ്ക് ഫണ്ട്, കാർഷിക കടാശ്വാസം, മത്സ്യത്തൊഴിലാളി കടാശ്വാസം തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി പരമാവധി ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുകയും നിവേദകർക്ക് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |
| സി) ഇതിൽ എത്ര അപേക്ഷകളാണ് കർഷകരിൽനിന്നും ലഭിച്ചതെന്ന് വിശദമാക്കുമോ? | സി) 299 അപേക്ഷകൾ |

സെക്ഷൻ ഓഫീസർ